# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 4722

21-10-2011-ൽ മറുപടിക്ക്

## സി.എഫ്. ലാമ്പ് വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | ഊർജ്ജ വകുപ്പിന്റെ കീഴിൽ എല്ലാ വീടുകളിലും സി.എഫ്. ലാമ്പ് എത്തിക്കുന്ന നടപടി എത്ര മാത്രം വിജയിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ബജത്ത് ലാംപ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്തെ ഏകദേശം 82 ലക്ഷം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് രണ്ട് സി.എഫ്.എൽ വീതം വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൗജന്യമായി സി.എഫ്. ലാമ്പുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയോ എന്ന് വ്യക്തമാക്കുമോ; | (ബി) | സൗജന്യമായി സി.എഫ്.എൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ സൗജന്യനിരക്കിൽ സി.എഫ്.എൽ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം സി.എഫ്.എൽ വാങ്ങാത്തവർക്ക് അവ വിതരണം ചെയ്യുകയുണ്ടായി. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ സി.എഫ്. ലാമ്പുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ബജത്ത് ലാംപ് യോജന പദ്ധതി പ്രകാരം വാങ്ങിച്ചിട്ടുള്ള സി.എഫ്.എൽ ഗാർഹിക ഉപഭോക്താക്കൾക്ക് 15/- രൂപ നിരക്കിൽ രണ്ട് സി.എഫ്.എൽ വീതം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കാലാവധിക്ക് ശേഷം, അവശേഷിച്ച സി.എഫ്.എൽ-കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 66/- രൂപ നിരക്കിൽ വിതരണം നടത്തുവാൻ അനുമതി നല്കിയിട്ടുണ്ട്. ഇതനുസരിച്ച് 40,000 സി.എഫ്.എൽ-കൾ തൃശ്ശൂർ കോർപ്പറേഷനും 3737 സി.എഫ്.എൽ-കൾ മുണ്ടേത്തിയോട് ഗ്രാമപഞ്ചായത്തിനും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ